## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7335 — 14.07.2014-ൽ മറുപടിയ്ക്ക്

### അഭ്യസ്ത വിദ്യരായ യുവാക്കളുടെ സാമൂഹ്യ പ്രതിബദ്ധത

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) അഭ്യസ്ത വിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധത ഉണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നു വെളിപ്പെടുത്തുമോ;<br><br>(ബി) ആഡംബരഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോള തന്ത്രങ്ങളിൽ നിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ലതലമുറയെ സൃഷ്ടിക്കുവാൻ സാംസ്കാരിക വകുപ്പ് പദ്ധതികൾ ആവിഷ്കരിക്കുമോ ? | (എ) & (ബി) അഭ്യസ്ത വിദ്യരും തൊഴിൽരഹിതരുമായ യുവാക്കളിൽ സാമൂഹ്യ പ്രതിബദ്ധത ഉണ്ടാക്കുന്നതിന് സാംസ്കാരിക വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന താഴെപ്പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ മുൻതലമുറ നമുക്ക് നൽകിയ നാട്ടുനന്മകളേയും സാംസ്കാരിക മൂല്യങ്ങളേയും പുതിയ തലമുറയ്ക്ക് പകർത്തുന്നതിനും പരിചയപ്പെടുത്തുന്നതിനും എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും അവിടങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകൾക്കും വിദ്യാലയങ്ങൾക്കും ഫോക്‌ലോർ ക്ലബ് രൂപീകരിക്കുന്നതിന് സാമ്പത്തിക സഹായം നൽകികൊണ്ട് നാട്ടറിവുകൾ നൽകി വരുന്നു. സമ്പന്ന പൈതൃകം സൗഹൃദ കേരളം എന്ന സന്ദേശവുമായി 2012 സെപ്റ്റംബർ 4 മുതൽ 22 വരെ അക്കാഡമി നടത്തിയ സാംസ്കാരിക യാത്ര പൈതൃക കലകളിലൂടെ സമൂഹ നന്മയും കൂട്ടായ്മയും ഉണ്ടാക്കിയെടുക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>കേരള സംഗീത നാടക അക്കാഡമിയുടെ കീഴിൽ 365 ദിവസങ്ങളിലും നാടകം എന്ന പദ്ധതിയിൽ നിരവധി യുവാക്കൾ പങ്കെടുക്കുന്നു. ജനകീയ കലയായ നാടകത്തിൽ പ്രവർത്തിക്കുന്നതോടെ യുവാക്കളിൽ സാമൂഹ്യ പ്രതിബന്ധത വളരുന്നു. Drama-Monthly, Ten Programmes a Month (കഥാപ്രസംഗം / മാജിക്, നാടൻപാട്ടുകൾ എന്നിവയും, സംഗീതം, നൃത്തം, സിനിമ തുടങ്ങിയ കലകളും നിരന്തരമായ പരിപാടികളും |

യുവാക്കളെ സാമൂഹ്യബോധമുള്ളവരും സംസ്കാരസമ്പന്നരുമാക്കുന്നു.

കേരള സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന ശില്പശാല, കഥാ ക്യാമ്പ്, കവിതാക്യാമ്പ് തുടങ്ങിയവയിൽ ധാരാളം യുവാക്കൾ പങ്കെടുക്കുന്നുണ്ട്. യുവാക്കളിൽ ഒളിഞ്ഞുകിടക്കുന്ന സർഗാത്മകതയെ ഉണർത്തുന്നതിനും അതുവഴി ഐക്യബോധം ഉണ്ടാക്കുന്നതിനും ഇത് ഉപകരിക്കുന്നു. ആശയ സംവാദം കൊണ്ട് സമ്പുഷ്ടമാകുന്ന ഇത്തരം പ്രവർത്തനങ്ങൾ യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധത ഉണ്ടാക്കുന്നതിന് ഏറെ സഹായകമാണ്.

കേരള ലളിതകലാ അക്കാഡമി യുവാക്കളിൽ സാമൂഹ്യപ്രതിബദ്ധതയുടെ ഭാഗമായ പരിസ്ഥിതി ബോധം സൃഷ്ടിക്കുന്നതിനു വേണ്ടി ജൂണിൽ 'മഴ' ചിത്രകലാ ക്യാമ്പ്, 'പ്രകൃതിവന്ദനം' പരിസ്ഥിതി ചിത്രരചനയും സെമിനാറും നടത്തിയിട്ടുണ്ട്. മദ്യാസക്തിക്ക് എതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കുചേർന്നു കൊണ്ട് യുവകലാകാരന്മാരും പൊതുജനങ്ങളും ഒരുമിക്കുന്ന ജനകീയ ക്യാൻവാസ് എന്ന സാമൂഹ്യ ചിത്രരചന ജൂലൈ 18ന് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ നടക്കുന്ന (ജൂലൈ 11-14) പെൺമ ചിത്രകലാ ക്യാമ്പും സംവാദവും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായ സ്ത്രീശാക്തീകരണം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സംഘടിപ്പിക്കുന്നത്.

ഇത്തരം പരിപാടികൾ ആഡംബര ഭ്രമവും ധൂർത്തും പ്രചരിപ്പിക്കുന്ന പുത്തൻ ആഗോളതന്ത്രങ്ങളിൽ നിന്നും യുവാക്കളെ മോചിപ്പിച്ച് സാമൂഹ്യ യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടുന്ന നല്ല തലമുറയെ സൃഷ്ടിക്കുവാൻ ഉതകുന്നതാണ്.

Deepa

സെക്ഷൻ ഓഫീസർ